اتّحاد الأولاد السنّيين لعموم كيرالا

# SAMASTHA KERALA SUNNI BALA VEDI

(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)

സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987, 0494 – 2400 530, 2400 749

website : www.sksbvstate.com, Email: sksbvstate@gmail.com


---

SKSBV Circular No/01/2023-2024

18-4-2023

**സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് സുന്നി ബാലവേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.**

മാന്യരേ, السّلام عليكم

**ക്ഷേമമായിരിക്കട്ടെ , അതിനായി പ്രാർത്ഥിക്കുന്നു.നമ്മുടെ കർമങ്ങൾ സ്വീകരിക്കട്ടെ - ആമീൻ**

പുതിയ ഒരു അധ്യായന വർഷം കൂടി നമ്മിലേക്ക് കടന്നു വന്നിരിക്കുന്നു. ചടുലവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിലൂടെ കർമ്മ രംഗത്ത് മുന്നേറണമെന്ന് ഓരോരുത്തരെയും സവിനയം ഓർമ്മിപ്പിക്കുന്നു. മാതൃകാപരവും അനുകരണീയവുമായ ഒട്ടേറെ പദ്ധതികളുമായാണ് പോയ വർഷങ്ങളിൽ നമ്മുടെ സംഘടന നിറഞ്ഞുനിന്നത്. പുതിയ അധ്യായന വർഷം ആരംഭത്തിൽ തന്നെ പുതിയ കൂട്ടുകാരെ സ്വീകരിക്കാൻ ഒരുങ്ങുന്ന നമ്മൾ കൂടുതൽ ഉത്സാഹത്തോടെയും അതോടൊപ്പം ജാഗ്രതയോടെയും വേണം മുന്നോട്ട് പോവാൻ. അതിനാൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## മദ്റസാ മുന്നൊരുക്കം 23

**മദ്റസ തുറക്കുന്നതിന്റെ മുന്നോടിയായി 2023 ഏപ്രിൽ 26,27,28 തിയ്യതികളിൽ യൂണിറ്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ മദ്റസയും പരിസരങ്ങളും ശുചീകരണം നടത്തുക.**

## മിഹ്റജാനുൽ ബിദായ (പഠനാരംഭം)

സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ മദ്റസാ വർഷാരംഭത്തോടനുബന്ധിച്ച് നടത്തുന്ന മിഹ്റജാനുൽ ബിദായ (മദ്റസാ പഠനാരംഭ ദിനം) യുടെ ഭാഗമായി മദ്റസയിലേക്ക് കടന്നു വരുന്ന പുതിയ കൂട്ടുകാരെ പ്രൗഢമായും നിറപ്പകിട്ടോടെയുമാവണം നാം സ്വീകരിക്കേണ്ടത്. കൊടി തോരണങ്ങൾ, ബലൂൺ മുതലായവ തൂക്കിയും മധുരപലഹാരങ്ങൾ നൽകിയും അവരുടെ ആദ്യദിനം അവിസ്മരണീയമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മുഖ പരിചയം (പരസ്പരം പരിചയപ്പെടൽ) അക്ഷരം മുറ്റം (ഇസ്ലാമികമായ പാട്ടുകളും കഥകളും പറയൽ) നവാഗതർക്ക് ഒരു സ്നേഹ സമ്മാനം, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ പഠനപുസ്തക-ബാഗ് എന്നിവ നൽകുക, തുടങ്ങിയ പരിപാടികൾ ഉസ്താദുമാരുമായി സഹകരിച്ച് നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കേണ്ടതാണ്.

---

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇ – മെയിൽ: **sksbvstate@gmail.com**

SKSBV SAMASTHALAYAM P.O. Thenhipalam PIN - 673 636 CHELARI

എന്ന്

ശാഫി ദ്വാരക (ഒപ്പ്)

ജന. സെക്രട്ടറി

**SKSBV** സംസ്ഥാന കമ്മിറ്റി

ചേളാരി

18 – 04 – 2023